# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 20-11-2012

## ആധാർ രജിസ്ട്രേഷൻ -
## വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഉത്തരവ് റദ്ദുചെയ്യണം

**കെ.എസ്.ടി.എ**

2013 മാർച്ച് 31 നകം ആധാർ രജിസ്ട്രേഷൻ നടത്താത്ത വിദ്യാർത്ഥികളുടെ സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സർക്കാർ ഉത്തരവ് റദ്ദുചെയ്യണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ആധാറുമായി (യു.ഐ.ഡി) ബന്ധപ്പെട്ട് എല്ലാ പ്രവർത്തനങ്ങളും സമ്പൂർണ്ണ പദ്ധതി പ്രകാരം സ്കൂളുകളിൽ പൂർത്തിയായതാണ്. ഐ.ടി.@.സ്കൂളാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. കെൽട്രോണും അക്ഷയസെന്ററും സ്കൂളുകളിൽ ജൂലൈ 31 നകം ബയോമെട്രിക്സ് പൂർത്തിയാക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. ഐ.ടി.@.സ്കൂളിലെ പുതിയ ഡയറക്ടർ ഇടപെട്ട് ഈ പ്രവർത്തനത്തെ അട്ടിമറിച്ച് സ്വകാര്യ ഏജൻസിക്ക് കൈമാറിയതിന്റെ ഫലമായിട്ടാണ് യു.ഐ.ഡി പൂർത്തിയാക്കാൻ കഴിയാതിരുന്നത്. 40 ലക്ഷത്തോളം കുട്ടികൾ മാർച്ച് 31 നകം ആധാർ സെന്ററുകളിൽപോയി രജിസ്ട്രേഷൻ നടത്തണം എന്നു പറയുന്നത് പ്രായോഗികമല്ല. ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടികളെയുൾപ്പെടെ ആധാർ സെന്ററിൽകൊുപോയി രജിസ്റ്റർ ചെയ്യിക്കുന്ന ചുമതല ഏറ്റെടുക്കാൻ അധ്യാപകർ തയ്യാറല്ല. ഒരുകുട്ടിയ്ക്ക് 50 രൂപ നിരക്കിൽ കേന്ദ്രഗവൺമെന്റ് നൽകിയ തുക എന്തുചെയ്തെന്ന് സർക്കാർ വ്യക്തമാക്കണം. കോടിക്കണക്കിനു രൂപയുടെ തിരിമറി ഇതിന്റെ പിന്നിൽ നടന്നിട്ടു്. കുട്ടികളുടെ യൂണിഫോമും പാഠപുസ്തകങ്ങളും ഉൾപ്പെടെയുള്ള സൗജന്യങ്ങൾ നിഷേധിക്കണമെന്നാണ് ഉത്തരവിൽ പറയുന്നത്. കലാ-കായികം ഉൾപ്പെടെയുള്ള എല്ലാത്തരം മത്സരങ്ങളിലും കുട്ടികൾക്ക് വിലക്ക് കൽപിച്ചിരിക്കുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന് നേരെയുള്ള കടന്നാക്രമണത്തിന് കൂട്ടുനിൽക്കാൻ അധ്യാപകർ തയ്യാറല്ല. പൊതുവിദ്യാലയങ്ങളിലെ പാവപ്പെട്ട കുട്ടികളെ ശിക്ഷിക്കുന്ന സർക്കാർ ഉത്തരവ് പിൻവലിച്ചില്ലെങ്കിൽ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊ് ശക്തമായ പ്രായോപ്രക്ഷോഭമാരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി